# വർണ്ണച്ചെപ്പ്

## ഡിജിറ്റൽ മാഗസിൻ

2023-24



ജി. എച്ച്. എസ്. എസ്.
തലപ്പുഴ (15001)



പ്രിയമുള്ളവരെ..,

സാങ്കേതികവിദ്യ അനുദിനം വളർച്ച കൈവരിക്കുന്ന ആധുനികലോകത്തിൽ വിദ്യാർത്ഥികളിലെ വിവര സാങ്കേതിക നൈപുണികൾ വളർത്തുന്നതിൽ സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ് വഹിക്കുന്ന പങ്ക് സുപ്രധാനമാണ്. കുട്ടികളുടെ ഭാവനയും അറിവും ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നിങ്ങൾക്ക് മുമ്പിലേക്കിതാ...

സ്കൂൾ ഡിജിറ്റൽ മാഗസിൻ 'വർണ്ണച്ചെപ്പി'ന് എല്ലാ ആശംസകളും...

**സജനകുമാരി കെ. വി.**
**ഹെഡ്മിസ്ട്രസ്സ്**

# താളുകൾ മറിക്കുമ്പോൾ...

1. വിദ്യാലയ ചരിത്രം ........ 01
2. തണ്ണീർ കൊമ്പന്റെ ആത്മകഥ ........ 02
3. മദ്യപാനിയുടെ മക്കൾ ........ 03
4. അക്ഷരങ്ങളുടെ വിത്തുകൾ ........ 04
5. My School Promise ........ 05
6. The Four Trees ........ 06
7. മിനി ഊട്ടിയിലേക്ക് ഒരു യാത്ര ........ 08
8. എന്റെ നാട് തലപ്പുഴ ........ 09
9. മുനീശ്വരൻ മുടി ........ 10
10. യാത്ര വിവരണം ........ 11
11. ഞാൻ ധ്രുവൻ ........ 12
12. പച്ചവിരൽ ........ 13
13. The Clear Moon ........ 15
14. The Music of Rain ........ 16
15. My Mom, The Sheep and the Lamb ........ 17
16. The Clever King and Lazy People ........ 18

## ചരിത്രം...

വയനാടിന്റെ മടിത്തട്ടിൽ, സഹ്യസാര മലനിരകളാൽ ചുറ്റപ്പെട്ടു നിൽക്കുന്ന സുന്ദരമായ, പ്രകൃതിരമണീയമായ തവിഞ്ഞാൽ പഞ്ചായത്തിലെ പ്രാധാന്യമേറിയ ഒരിടമാണ് തലപ്പുഴ. നാടിന്റെ തനത് സംസ്കാരം...
ആദിവാസികളും, മംഗലാപുരത്തു നിന്ന് കുടിയേറിപ്പാർത്ത എസ്റ്റേറ്റ് തൊഴിലാളികളും, മധ്യതിരുവിതാംകൂറിൽ നിന്നും കുടിയേറിപ്പാർത്തവരും വർഷങ്ങളായി ഇവിടെ ഇടകലർന്നു താമസിക്കുന്നു.
2001 ലെ സെൻസെസ് റിപ്പോർട്ട് പ്രകാരം 16766 ആണ് ഇവിടത്തെ ജനസംഖ്യ.
2012 ലെ  കണക്കു പ്രകാരം തവിഞ്ഞാലിലെ ജനസംഖ്യ 41838 ആണ്.
ഭൂമിശാസ്ത്രപരമായി ഒട്ടേറെ സവിശേഷതകൾ തവിഞ്ഞാലിന്റെ മറ്റൊരു പ്രത്യേകതയാണ്.



മലനിരകളാൽ ചുറ്റപ്പെട്ട തവിഞ്ഞാലിന്റെ വിസ്തൃതി 142 .3 ച കി മി ആണ്.
ജില്ലയിലെ ഭൂരിഭാഗം വനങ്ങളും ഈ പഞ്ചായത്തിൽ ആയതിനാൽ വികസനത്തിന്റെ പൊൻ വെളിച്ചം തവിഞ്ഞാലിൽ എത്തുന്നതിന് തടസ്സമാകുന്നു. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത ഇന്നും ഇവിടുത്തെ വികസന മോഹങ്ങൾക്കുള്ള തിരിച്ചടിയാണെങ്കിലും ധാരാളം അദ്ധ്വാനശീലരായ കർഷകർ ഇവിടെയുണ്ട്. അവരാണ് ഈ പഞ്ചായത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. തവിഞ്ഞാൽ ഗ്രാമ പഞ്ചായത്തിൽ മൂന്നു റെവെന്റ് വില്ലേജുകളാണുള്ളത്. തവിഞ്ഞാൽ, പേരിയ, വാളാട്. തവിഞ്ഞാൽ പഞ്ചായത്തിന്റെ വടക്ക് കൊട്ടിയൂർ, തിരുനെല്ലി എന്നീ ഗ്രാമ പഞ്ചായത്തുകളും തെക്കു ഭാഗത്തായി ഇടവക, തൊണ്ടർനാട് ഗ്രാമ പഞ്ചായത്തുകളും കിഴക്കു മാനന്തവാടി മുനിസിപ്പാലിറ്റിയും പടിഞ്ഞാറ് തൊണ്ടർനാട് ഗ്രാമ പഞ്ചായത്തുമാണുള്ളത്.
ഇവിടെ പട്ടികജാതിക്കാർ 1750 ഉം പട്ടികവർഗ്ഗക്കാർ 8659 ഉം ആണ്. അവർ തനതായ സംസ്കാരത്തിലും ശൈലിയിലും വസിക്കുന്നു. ഒരു വലിയ കൂട്ടമായി താമസിക്കുന്ന ഇവരാണ് വയനാടിന്റെ മക്കൾ.

## സ്കൂളിനെക്കുറിച്ച്...

വയനാട് ജില്ലയിലെ വയനാട് വിദ്യാഭ്യാസ ജില്ലയിൽ മാനന്തവാടി ഉപജില്ലയിലെ തലപ്പുഴ എന്ന സ്ഥലത്തുള്ള ഒരു സർക്കാർ വിദ്യാലയമാണ് ഗവ.എച്ച്എസ്എസ് തലപ്പുഴ.

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്....

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന
ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലമായി സ്കൂളുകളിൽ ഹൈടെക് ക്ലാസ് റൂമുകളും ഐസിടി അധിഷ്ഠിത പഠനവും യാഥാർഥ്യമായിരിക്കുകയാണ്. ഐസിടി പ്രവർത്തനങ്ങളിൽ വിദ്യാർഥികളെക്കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി 2016 ൽ ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പേരിൽ കുട്ടികളുടെ ഒരു കൂട്ടായ്മ എല്ലാ ഹൈസ്കൂളുകളിലും പ്രവർത്തിച്ചിരുന്നു. എല്ലാ സ്കൂളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കിയതോടെ കൂടുതൽ സാങ്കേതികവിദ്യാ ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമായി. ഈ ഉപകരണങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും പരിപാലനത്തിനും അധ്യാപകരോടൊപ്പം വിദ്യർത്ഥികളെക്കൂടി ഉൾപ്പെടുത്തുവാനായി സ്കൂളുകളിൽ നിലവിലുണ്ടായിരുന്ന ഐ .റ്റി ക്ലബ്, ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി എന്നിവയെ സംയോജിപ്പിച്ചു കൂടുതൽ വിപുലമായ പ്രവർത്തന പദ്ധതികളോടെ ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി ക്ലബ്ബുകൾ സ്കൂളുകളിൽ പ്രവർത്തനം ആരംഭിച്ചു.

നിദ ഫാത്തിമ എം



## തണ്ണീർ കൊമ്പൻ എന്ന എന്റെ ആത്മകഥ

കർണ്ണാടക എന്റെ സ്ഥലത്തുനിന്ന് ഞാൻ കേരളത്തിലെ ഒരു ജില്ലയായ വയനാട്ടിലേക്ക് വന്നു.  വയനാട്ടിലെ തലപ്പുഴ എന്ന സ്ഥലത്തും പിന്നീട് അവിടെ നിന്ന് മാനന്തവാടിയിലേക്കും എത്തി. അവിടെവെച്ച് എന്നെ കണ്ട ജനങ്ങൾ വനപാലകരെ അറിയിച്ചു. തുടർന്ന് ജനങ്ങളുടെ ബഹളം കാരണം ഞാൻ കബനി നദി നീന്തി കടക്കുകയും ന്യൂമാൻ കേരളസിന്റെ പരിസരത്ത് എത്തുകയും അവിടെ നിന്ന് ജനങ്ങളുടെ ബഹളം കാരണം ഞാൻ ഒരു വാഴത്തോട്ടത്തിലേക്ക് കയറുകയും ചെയ്തു.

അവിടെയും വനപാലകർ എന്നെ പിന്തുടർന്ന് തന്ത്രപൂർവ്വം പുറത്തേക്ക് എത്തിച്ച് മയക്കുവടി വച്ചു.   ഞാൻ മയങ്ങിയതിനുശേഷം കുംകിയാനകളുടെ സഹായത്തോടെ ലോറിയിൽ കയറ്റുകയും എന്റെ നാടായ കർണാടകയിലേക്ക് കൊണ്ടുപോവുകയും ചെയ്തു. അവിടെനിന്ന് ഹൃദയാഘാതം മൂലമാണ് ഞാൻ മരണപ്പെട്ടത്.

Shaja Fathima

# മദ്യപാനിയുടെ മക്കൾ

ഒരിടത്തൊരിടത്ത് ഒരു മദ്യപാനി ഉണ്ടായിരുന്നു. അയാൾ രാവിലെ തന്നെ വീട്ടിൽ നിന്നിറങ്ങും. ആളുകളോട് യാചിച്ചും മറ്റും എങ്ങനെയെങ്കിലും കുടിക്കാനുള്ള കാശുണ്ടാക്കും. കുടിച്ചു പൂസായി തെരുവിലോ കടത്തിണ്ണയിലോ കിടക്കും. രാത്രി വളരെ വൈകി വീട്ടിലെത്തും. ഭാര്യയെയും മക്കളേയും അസഭ്യം പറയും, കിടന്നുറങ്ങും. ഇതായിരുന്നു പതിവ്.ഒരു ദിവസം വഴിയരികിൽ അയാൾ മരിച്ചു കിടക്കുന്നതാണ് കണ്ടത്. അയാൾക്ക് രണ്ട് ആൺ മക്കളുണ്ടായിരുന്നു. മൂത്ത മകൻ അച്ഛനെപ്പോലെ തന്നെ അലസനും മടിയനും കുടിയനുമായി മാറി. അയാൾ എന്തിനും ഏതിനും അച്ഛനെ കുറ്റപ്പെടുത്തും. അച്ഛൻ കാരണമാണ് എൻ്റെ ജീവിതം ഇങ്ങനെയായത്. അച്ഛൻ എന്നെ പഠിപ്പിച്ചില്ല, അച്ഛൻ എന്നെ സ്നേഹിച്ചില്ല ഇളയ മകൻ ചെറുപ്പത്തിലേ കൊച്ചു കൊച്ചു ജോലികൾ ചെയ്തു. വീട്ടുകാര്യങ്ങളിൽ അമ്മയെ സഹായിച്ചു. പഠിക്കുവാനുള്ള പണം സ്വയം കണ്ടെത്തി. പഠിച്ചു പഠിച്ച് ഉയരങ്ങളിൽ എത്തി. നാടിനും വീടിനും പ്രിയപ്പെട്ടവനായി മാറി. ഒരു വലിയ ആദരവ് സ്വീകരിക്കുന്ന വേളയിൽ, ഒരു വിദ്യാർത്ഥി അദ്ദേഹത്തോട് ചോദിച്ചു: താങ്കളുടെ ജീവിത വിജയങ്ങളിൽ  ആരെയാണ് മാതൃകയായി സ്വീകരിച്ചത് ? എന്റെ അച്ഛൻ തന്നെയായിരുന്നു എന്റെ മാതൃക. ഒരു മനുഷ്യൻ എങ്ങനെ ആയിത്തീരരുത് എന്നതിന്റെ ജീവിക്കുന്ന മാതൃക. ദുരിതങ്ങളിൽ നിന്നും വെളിച്ചത്തിൻ്റെ പാഠങ്ങളാണ് ഞാൻ പഠിച്ചെടുത്തത്. അതുകൊണ്ടാണ് ഇവിടെ വരെ എത്താൻ കഴിഞ്ഞതും

ഫാത്തിമ നഹദ കെ

# അക്ഷരങ്ങളുടെ വിത്തുകൾ



എന്നിലെ
അക്ഷരങ്ങളുടെ വിത്തുകൾ
പാകമായി വന്നതും
അതിൽ ഇലകളും
ഇടതൂർന്ന ശാഖകളും
പിന്നെ വർണ്ണശബളമായ
പൂക്കളും പാകപ്പെട്ട കായ്കനികളും
സർവ്വവും
അറിവിന്റെ മണ്ണിൽ ഗുരുനാഥന്മാർ പകർന്ന് തന്ന
വിജ്ഞാനത്തിന്റെ ചിന്തകളിൽ നിന്നുമായിരുന്നു...

അനീന ഷെറിൻ

# My School Promise



Each day I'll do my best,
And I won't do any less.
My work will always please me,
And I won't accept a mess.
I'll color very carefully,

My writing will be neat.
And I will not be happy,
Till my papers are complete.
I'll always do my homework,
And try my best on every test.
I won't forget my promise, To do my very best.

നജ ഫാത്തിമ എ

# The Four Trees

Once apon a time in a land not too far away, four trees started to grow on top of a small hill


Three of the trees are very selfish, arrogant and proud trees always boasting how big and tall they will become, teasing each other how they will live forever.

The fourth tree is all happy and content, just to be a tree.

As time passes the three proud and selfish trees spend all their days growing as tall and impressive as they can, boasting each and everyday how wonderful they will be

The fourth tree listens but is all happy and content, just to be a tree.

മുഹമ്മദ് ഉനൈസ്




അനഘ ജയറാം

# മിനി ഊട്ടിയിലേക്ക് ഒരു യാത്ര

എന്റെ പേര് റഹ്ഷ ഫാത്തിമ

ഞാൻ ഇന്ന് പറയാൻ പോകുന്നത് ഒരു  യാത്രാ അനുഭവമാണ്. കഴിഞ്ഞ വെക്കേഷനാണ് ഞങ്ങൾ മിനി ഊട്ടിയിലെക്ക് പോയത്. മിനി ഊട്ടി ഉള്ളത് മലപ്പുറം ജില്ലയിലാണ്.  ഞങ്ങൾ ഫാമിലിയൊട്ടുക്കുടിയായിരുന്നു പോയത്.  ഞങ്ങൾ യൂട്യൂബിൽ കണ്ടപ്പോൾ നല്ല തണുപ്പും കോടയും ഉണ്ടായിരുന്നു അടിപൊളി ആയിരുന്നു.പക്ഷെ ഞങ്ങൾ അവിടെ പോയപ്പോൾ ഊട്ടിയിലെ പോലെ തണുപ്പായിരുന്നില്ല മാരുഭൂമിയിലെ പോലെ വെയിലും ചൂടുമായിരുന്നു.അവിടെ ഉള്ളതിൽ നിന്ന് ഞങ്ങൾ ആകെ കയറിയത് zip line ഇൽ മാത്രമാണ്.

അത് മാത്രമേ അവിടെ വലിയവർക്കായി ഉള്ളു ബാക്കി മുഴുവൻ ചെറിയ ചെറിയ കുട്ടികൾക്കുള്ളതാണ്.പിന്നെ പഞ്ചവർണ്ണതത്ത എന്റെ തോളിൽ വെച്ച് ഫോട്ടോ എടുത്തു.അവിടെ പലതരത്തിലുള്ള കുറേ പക്ഷികളും ഉണ്ടായിരുന്നു. അവിടെ ഗ്ലാസ് ബ്രിഡ്ജ് ഉണ്ടായിരുന്നു. ആ ബ്രിഡ്ജിൽ കാൽ വെക്കാൻ പോലും കഴിന്നിരുന്നില്ല അത്രക്ക് ചൂടായിരുന്നു .
ഞങ്ങൾ അവിടെ കുറേ സമയം ചിലവഴിച്ചു.അവിടെ ഒന്നും കളിക്കാൻ പറ്റാത്ത സങ്കടത്തിൽ കോട്ടക്കുന്ന് എന്നു പറയുന്ന സ്ഥലത്തേക്ക് പോയി. അതിന്റെ പേര് പോലെ തന്നെ ഒരു വലിയ കുന്നായിരുന്നു.ഞങ്ങൾ ഫുഡ് കഴിച്ചതിന് ശേഷമായിരുന്നു അങ്ങോട്ട് പോയത് അവിടെയുള്ള പാർക്കും പൂട്ടിയിരുന്നു. അവിട്ടുന്നും ഞങ്ങൾക്ക് ഒന്നും കളിക്കാൻ കഴിന്നില്ല. അവിടെ നിന്ന് ഉപ്പിലിട്ടത് വാങ്ങി ക്കഴിച്ചു. പിന്നെ  ഞങ്ങൾ ഉപ്പാന്റെ പെങ്ങളുടെ മോന്റെ വീട്ടിൽ താമസിച്ചു. പിറ്റേന്ന് കോഴിക്കോട് ബീച്ചിലും പോയി അവിടെ കുറേ സമയം കളിച്ചു തിരിച്ച് വീട്ടിലേക്ക് വന്നു.

റഹ്ഷ ഫാത്തിമ

# എന്റെ നാട്...
# തലപ്പുഴ



വയനാടിന്റെ മടിത്തട്ടിൽ സഹ്യസാര മലനിരകളാൽ ചുറ്റപ്പെട്ടു നിൽക്കുന്ന സുന്ദരമായ പ്രകൃതിരമണീയമായ തവിഞ്ഞാൽ പഞ്ചായത്തിലെ പ്രാധാന്യമേറിയ ഒരു ഇടമാണ് തലപ്പുഴ. നാടിൻറെ തനത് സംസ്കാരം പേറുന്ന ആദിവാസികളും മംഗലാപുരത്തുനിന്ന് കുടിയേറി പാർത്ത എസ്റ്റേറ്റ് തൊഴിലാളികളും മധ്യതിരുവിതാംകൂറിൽ നിന്നും കുടിയേറിപ്പാർത്ത കുടിയേറ്റക്കാരും വർഷങ്ങളായി ഇവിടെ ഇടകലർന്ന താമസിക്കുന്നു. ഭൂമിശാസ്ത്രപരമായുള്ള ഒട്ടേറെ സവിശേഷതകൾ തവിഞ്ഞാലിന്റെ മറ്റൊരു പ്രത്യേകതയാണ് മലനിരകളാൽ ചുറ്റപ്പെട്ട തവിഞ്ഞാലിന്റെ വിസ്തൃതി 142.3 കിലോമീറ്റർ ആണ് ജില്ലയിലെ ഭൂരിഭാഗം വനങ്ങളും ഈ പഞ്ചായത്ത് അതിർത്തിയിൽ ആയതിനാൽ വികസനത്തിന്റെ പൊൻവെളിച്ചം തെളിഞ്ഞാൽ തവിഞ്ഞാലിൽ എത്തുന്നതിന് തടസ്സമാകുന്നു. ഗതാഗതസൗകര്യത്തിന്റെ അപര്യാപ്തത ഇന്നും ഇവിടെ ഇന്നും ഇവിടത്തെ വികസന മോഹങ്ങൾക്ക് തിരിച്ചടിയാണ് ഗതാഗതസൗകര്യത്തിന്റെ അപര്യാപ്തത എന്നും ഇവിടത്തെ വികസന മോഹങ്ങൾക്ക് തിരിച്ചടിയാണെങ്കിലും ധാരാളം അധ്വാനശീലരായ രക്ഷിത കർഷകർ ഇവിടെയുണ്ട്. ഒരു പുഴയുടെ ഉത്ഭവസ്ഥാനം ഈ പ്രദേശത്ത് ആയതുകൊണ്ടാണ് ഈ സ്ഥലത്തിന് തലപ്പുഴ എന്ന പേര് ലഭിച്ചത് . എന്നാൽ യഥാർത്ഥത്തിൽ ശരിയായുള്ള തലപ്പുഴ സമീപപ്രദേശമായ മക്കിമലയാണെന്നും തുടർന്ന് ഇന്ന് കാണുന്ന തലപ്പുഴയുള്ള സ്ഥലത്ത് ബ്രിട്ടീഷുകാർ കച്ചവട കേന്ദ്രമാക്കി അവിടെ ടൗൺഷിപ്പ് വന്നതിനാൽ ആ സ്ഥലം തലപ്പുഴ എന്ന് അറിയപ്പെടുന്നതായി പഴമക്കാർ പറയുന്നു. തലപ്പുഴയിലെ പ്രധാന കൃഷി തേയിലയാണ്. നെല്ല്, കുരുമുളക്, ഏലം, തെങ്ങ്, വാഴ, പച്ചക്കറികൾ എന്നിവയും കൃഷി ചെയ്യാറുണ്ട്.

സന ഫർഹ പി പി

# മുനീശ്വരൻ മുടി



വയനാടിന്റെ മനോഹാരിത ആസ്വദിക്കാൻ വിനോദസഞ്ചാരികൾ വന്നുപോകുന്നു അവർക്ക് താമസിക്കാനുള്ള റിസോർട്ടുകളും വയനാട്ടിലുണ്ട്. അതിൽ ഉൾപ്പെട്ട പ്രസിദ്ധമായ ഒരു വിനോദസഞ്ചാര കേന്ദ്രമാണ് തലപ്പുഴ ആറാം വാർഡ് കൈതകൊല്ലിയിൽ സ്ഥിതിചെയ്യുന്ന മുനീശ്വരൻ മുടി. പണ്ടുകാലത്ത് ഗോത്രവർഗ്ഗത്തിൽ പെട്ടവർ കാട്ടിലേക്ക് വിറകുതേടി പോകുംവഴി ഭയപ്പെടാതിരിക്കാൻ തങ്ങൾക്ക് തുണയായി ആരോ ഉണ്ട് എന്ന് വിശ്വസിക്കാൻ കാട്ടിലേക്കുള്ള വഴിവക്കിൽ ഒരു പ്രതിഷ്ഠ സ്ഥാപിക്കുകയും അതിനെ ആരാധിക്കുകയും ചെയ്യുമായിരുന്നു. ഇത്തരത്തിൽ സ്ഥാപിച്ച പ്രതിഷ്ഠയാണ് ഇത്. ആ പ്രതിഷ്ഠയിൽ അവർ ആരാധിച്ച ദൈവം ശിവൻ ആയിരുന്നു. തുടർന്ന് ഒരു പേരും ഇല്ലാതിരുന്ന ഈ കുന്ന് മുനീശ്വരൻ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. ഇന്ന് നാം കാണുന്ന കബനി ജലത്തിൻറെ പ്രധാന ഉറവിടം മുനീശ്വരൻ കുന്ന് ആണ്. കുന്നിൽ നിന്ന് നോക്കിയാൽ വയനാടിന്റെ പകുതിയോളം ഭാഗം കാണാം ട്രക്കിങ്ങിന് അനുയോജ്യമായ ഇടമായതിനാൽ ധാരാളം ആളുകൾ നടന്നെത്താറുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മുഖ്യ ആകർഷണം ചെലുത്തുന്ന ഒരു പ്രദേശമാണ് മുനീശ്വരൻ മുടി. മീനം അഞ്ചിന് ഇവിടെ എല്ലാ വർഷവും ഉത്സവം നടത്താറുണ്ട് അതുപോലെ പ്രത്യേക ദിവസങ്ങളിൽ പൂജയും നടത്തുന്നു. സമുദ്രനിരപ്പിൽ നിന്നും ശരാശരി 700-800 മീറ്റർ ഉയരമുണ്ട് മുനീശ്വരൻ കുന്നിന്.

നഫ് ല ഒ കെ

# യാത്ര വിവരണം





ഒരു ദിവസം ഞാനും എന്റെ കുടുംബവും
മൈസൂരിൽ പോയി. അങ്ങനെ
ഒരു മൂന്ന് മണിക്കൂറിനുള്ളിൽ
അവിടെ എത്തി. പിന്നീട്
അവിടെയുള്ള ഒരു ഹോട്ടലിൽ കയറി ഭക്ഷണം
കഴിച്ചു.
പിന്നെ ഞങ്ങൾ  അവിടെ നിന്നും
സൂവിൽ   പോയി അവിടെ നിന്നും
ടിക്കറ്റ് എടുത്തു കൊണ്ട് കയറി. പിന്നെ
അവിടത്തെ പ്രശ്നം
ഏഡ് കൊണ്ട് കയറാൻ
പാടില്ലായിരുന്.നു പക്ഷേ
ഞങ്ങൾക്ക് അറിയില്ലായിരുന്നു.
പിന്നെ എന്റെ മാമൻ
ഒരു വിധത്തിൽ എങ്ങനെയോ
കൊണ്ട് കയറി. പിന്നെ ആദ്യമായി
സിംഹത്തിനെ കണ്ടപ്പോൾ ഒരു ഭയം.
വേറെ കുഴപ്പം ഒന്നും ഇല്ലായിരുന്നു.
ഒരു കുഞ്ഞു  യാത്ര വിവരണം

നാഫില ഫാത്തിമ

# ഞാൻ ധ്രുവൻ



ഭൂമി സദാചലിച്ചു കൊണ്ടിരിക്കുകയാണല്ലോ. അപ്പോൾ ആകാശത്തുള്ള നക്ഷത്രങ്ങളുടെ സ്ഥാനവും അപേക്ഷിതമായി മാറികൊണ്ടിരിക്കും. ഭൂമിയുടെ ചലനം മൂലം മാറ്റം തോന്നിക്കാത്ത നക്ഷത്രങ്ങളുമുണ്ട്. ധ്രുവൻ ഇത്തരത്തിലുള്ള നക്ഷത്രമാണ് .പണ്ടൊക്കെ ധ്രുവനക്ഷത്രത്തെ നോക്കിയാണ് ദിക്ക് മനസ്സിലാക്കിയിരുന്നത്. ധ്രുവൻ ഭൂമിയുടെ വടക്ക് ദിക്കിലാണ് രാത്രിയിൽ മരുഭൂമിയുടെ ഒട്ടകപ്പുറത്ത് യാത്ര ചെയ്യുന്ന സഞ്ചാരികൾ ധ്രുവനെ നോക്കി ദിക്ക് മനസ്സിലാക്കിയിരുന്നു . ഭൂമിയുടെ ധ്രുവവുമായി ബന്ധപ്പെട്ട് നിൽക്കുന്നതു കൊണ്ടാണ് ധ്രുവനക്ഷത്രം എന്ന പേര് വന്നത്.

# പച്ച വിരൽ



ഏഴാം ക്ലാസിൽ പഠിക്കുമ്പോഴാണ് അന്നു തീർത്തും ഗ്രാമീണമായിരുന്ന വിളക്കുമാടത്തെ സ്കൂളിൽ നിന്നു കുട്ടികളും ടീച്ചർമാരും നഗരത്തിലേക്ക് എസ്കർഷൻ പോയത്. 1953ലാണത്. കോട്ടയം അന്നു തീർത്തും ഉൾനാടായ പൂവരണിയിലെ കുട്ടികൾക്ക് വലിയൊരു നഗരകൗതുകമായിരുന്നു.സിമെന്റ് ഫാക്ടറിക്കടുത്ത് വലിയൊരു മേള നടക്കുന്നു.കുട്ടികൾ മേളയ്ക്കു കയറി.മിക്കവാറും പേർക്കൂട്ടുകൂടി നടന്ന് താൽപര്യമുള്ള വസ്തുക്കൾ തിരഞ്ഞു. റിബ്ബണും കൺമഷിയുമടക്കം അണിയാനും ഒരുങ്ങാനുമുള്ള വസ്തുക്കൾ പലതും കുട്ടികൾ വാങ്ങിക്കൂട്ടി.എന്നാൽ ആൾക്കൂട്ടത്തിലൂടെ  അലഞ്ഞുതിരിഞ്ഞ ഞാൻ വാങ്ങിയത് സപ്പോട്ടച്ചെടിയും കറുവാമരത്തിന്റെ ഒരു തൈയുമാണ്. അതുകൊണ്ട് ടീച്ചർമാരും കുട്ടികളും ചിരിച്ചു.വീട്ടിൽ വന്നപ്പോൾ ബന്ധുക്കൾ പലരും കളിയാക്കി. എന്നാൽ പപ്പ മാത്രം എന്നെ അഭിനന്ദിച്ചു. എനിക്കറിയാമായിരുന്നു, അന്നേ എനിക്കൊരു പച്ചവിരലുണ്ട്

ദയാബായി എന്നപേരിൽ ലോകപ്രശസ്തയായ മേഴ്സി മാത്യുപാലം സ്വദേശിയാണ്.ആദിവാസികളുടെ ഉന്നവനത്തായി ജീവിതം നീക്കിവച്ച ദയാബായിയുടെ സ്കൂൾ ജീവിതകാലത്തെ ഒരനുഭവമാണ് മുകളിൽ കൊടുത്തത്.

**അഫ്ന ഫാത്തിമ എ**



മുഹമ്മദ് നസീഫ് ടി

# THE CLEAR MOON

In the darkest hour
I saw a clear moon
It was so bright
It went on gazing at me

Slowly the darkest clouds haloed it
I could see only the round image
And I heard the voice of thunder
And the whistling sound of wake
After a moment everything stopped

The clear moon returned
Everything was calm

Hanana Hanza M

# THE MUSIC OF RAIN



The music of rain
Came through the window
It’s rhythm touched my heart
Opened the door of memories
I moved near the window

The cold breeze frozen me
Sympathy flowed through the cloud
The raindrops smiled at me
Seven magicians made a heaven
Chanting of the raindrops coloured it

The memories called dreams
But they were flying in the sky
When the smile on my face
Melted in rain
It got another symphony

റാനിയ കെ

## My Mom

My Mom is nice
I like her eyes
My Mom is good
I love her food
My Mom is funny
Iam her bunny
My Mom is fine
As sun can shine
I love mum and Mom loves me



## Best friends

Long ago in a village lived two friends Raman and Tarun. Raman was from wealthy family were as Tarun was from poor family. Despite their status difference they used to stay with each other all the time and were best friends.  As time went by both  grew up and got busy with their life.with busy life they didn't get much time to met each other

## The wolf and the Lamb

One day,A lamb was eating sweet grass away from her flock of sheep.she didn't notice a wolf walking nearer to her.when she saw the wolf,she started pleading,."please don't eat me". My stomach is full of grass.
You can wait a while to make my meat taste much better."the grass in my stomach will be digested  quickly if you let me dance ".the wolf agreed.while the lamb was dancing she had a new idea . She said "l can dance Faster if if you take my bell and ring it so hard".the wolf took the bell and started to ring so hard.the shepherd heard the sound and run quickly to save the lambs life.

Aliya Shaiha

# The Clever King and Lazy People

Once upon a time there was a king.he was extremely disappointed because his people were very lazy.one day he made a plan to teach them a lesson.he had a big stone.he called his helpers to put it in the middle of the road on night . The next day the merchants of the city passed and went around it. similarly an officer driving his car did the same. In addition ,a young solider come cycling and went around the stone.All the people cursed the stone and blamed for not removeing it.because they thought that it was the duty of the government to remove the stone.then the king came himself and he had the stone removed . Many people who were there and watched it.there was an iron box under it.a sentence was marked on the box.the sentence was '' for the man who moves away the stone''.inside the box, there was a purse.it was full of money.the people saw and watched it deeply.at last the people felt ashamed because of  their weakness.thus the clever king thought his lazy people a practical lesson.they realized that they had to be hardworking.

ശിവാനി ബി എസ്

## നന്ദി...

വർണ്ണച്ചെപ്പെന്ന ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിന് എല്ലാ പിന്തുണയും നൽകിയ ഹെഡ്മിസ്ട്രസ്സിനും അധ്യാപകർക്കും സർഗ്ഗസൃഷ്ടികളാൽ വർണ്ണച്ചെപ്പ് നിറച്ച സഹപാഠികൾക്കും ഹൃദയം നിറഞ്ഞ നന്ദി...

## EDITORIAL BOARD


| | | |
|---|---|---|
| Chief Editor | : | Sana Farha P P |
| Editors | : | Aliya Shaiha |
| | | Anagha Jayaram |
| | | Hanana Hanza M |
| | | Shaja Fathima |
| | | Ayishath Rifa Beevi |
| | | Naja Fathima A |
| | | Bazil Zaman |
| | | Ebin Benny |
| | | Muhammed Farhan |